# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1888 11-02-2020-ൽ മറുപടിയ്ക്ക്

**സെക്രട്ടേറിയറ്റിൽ ജീവനക്കാർ അവധിയെടുത്ത് കെ.എ.എസ് പരീക്ഷയ്ക്ക് പരിശീലനം നടത്തുന്നത്**

**ചോദ്യം**
**ശ്രീ.അബ്ദുൾ ഹമീദ്.പി**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ അൻപതോളം ജീവനക്കാർ അവധിയെടുത്ത് കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയ്ക്ക് പരിശീലനം നടത്തുന്നതിനെതിരെ പൊതുഭരണ വകുപ്പ് സെക്രട്ടറി കുറിപ്പ് നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ അവധിയെടുത്തവർ ജോലി ഉപേക്ഷിച്ച് പരീക്ഷക്ക് തയ്യാറാകുകയോ അവധി റദ്ദാക്കി ജോലിയിൽ പ്രവേശിക്കുകയോ ചെയ്യണമെന്ന് പൊതുഭരണ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | ഇതു സംബന്ധിച്ച് പൊതുഭരണ വകുപ്പ് സെക്രട്ടറി കുറിപ്പ് സമർപ്പിച്ചിരുന്നു. തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | ഇത്തരത്തിൽ അവധിയെടുക്കുന്നവർ റാങ്ക് ലിസ്റ്റിൽ വന്നാൽ അയോഗ്യരാക്കണമെന്ന നിലപാട് പൊതുഭരണ വകുപ്പ് സെക്രട്ടറി സ്വീകരിച്ചിട്ടുണ്ടോ; നിയമാനുസൃതം അവധി അനുവദിക്കപ്പെട്ട ശേഷമാണ് ജീവനക്കാർ അവധിയിൽ പ്രവേശിച്ചത് എന്നിരിക്കെ പ്രസ്തുത നിലപാട് നിയമവിധേയവും നീതിയുക്തവുമാണെന്ന് കരുതുന്നുണ്ടോ; | | |
| (സി) | ഐ.എ.എസ്.ഉദ്യോഗസ്ഥർക്ക് ഉന്നതപഠനത്തിന് ശമ്പളത്തോടു കൂടി അവധി അനുവദിക്കാറുണ്ടോ; വ്യക്തമാക്കാമോ? | (സി) | ആൾ ഇന്ത്യാ സർവ്വീസ് (സ്റ്റഡി ലീവ്) റെഗുലേഷൻ, 1960 പ്രകാരം ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് ഉന്നതപഠനത്തിന് ശമ്പളത്തോടു കൂടി അവധി അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ